## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 521** **20-03-2023 - ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടൽക്ഷോഭം മൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കടൽക്ഷോഭം മൂലം വീട് നഷ്ടപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 6 ക്യാമ്പുകളിലായി 21 കുടുംബങ്ങളിലെ 62 പേരും, ആലപ്പുഴ ജില്ലയിൽ 2 ക്യാമ്പുകളിലായി 6 കുടുംബങ്ങളിലെ 17 പേരും താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട്. |
| (ബി) | ഇവർ എത്ര കാലമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ വലിയതുറയിലെ 4 ക്യാമ്പുകളിലായി 18 കുടുംബങ്ങൾ 2019 മുതലും കുളത്തൂർ ദുരിതാശ്വാസ ക്യാമ്പിലെ 3 കുടുംബങ്ങൾ 2021 മുതലും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞു വരുന്നു. ആലപ്പുഴ അമ്പലപ്പുഴ മത്സ്യഭവൻ പരിധിയിൽ 5 കുടുംബങ്ങൾ വളഞ്ഞവഴി മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കിന് സമീപം മത്സ്യഫെഡിന്റെ പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ 47 ദിവസങ്ങളായും തോട്ടപ്പള്ളി മത്സ്യഭവൻ പരിധിയിലെ ഒരു കുടുംബം കരിനില വികസന ഏജൻസിയിൽ 12 വർഷങ്ങളായും കഴിയുകയാണ്. |
| (സി) | ഇവരെ അടിയന്തരമായി പുന:രധിവസിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (സി) | പുനരധിവാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിലും ബന്ധുവീട്ടുകളിലും മറ്റും കഴിഞ്ഞിരുന്ന ആളുകൾക്ക് വാടക വീട്ടുകളിലേക്ക് മാറി താമസിക്കുന്നതിന് പ്രതിമാസം 5500/- രൂപ നിരക്കിൽ വാടക നൽകി വരുന്നു. നിലവിൽ വലിയതുറയിലെ പോർട്ട് ഗോഡൗൺ - I, IV, ബഡ്സ് സ്കൂൾ, വലിയതുറ യു.പി.എസ് എന്നിവിടങ്ങളിലാണ് ക്യാമ്പ് പ്രവർത്തിച്ച് വരുന്നത്. ടിയാളുകളെ സ്ഥിരമായി പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറയിൽ 81 കോടി രൂപ ചെലവിൽ400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ബഹു.മുഖ്യമന്ത്രി |

| | | | | |
|---|---|---|---|---|
| | | | | 10/02/2023-ന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ച് വരുന്നു. കുളത്തൂർ ഗ്രാമപഞ്ചായത്തിൽ ക്യാമ്പുകളിൽ കഴിയുന്ന 3 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അമ്പലപ്പുഴ മത്സ്യഭവൻ പരിധിയിൽ 5 കുടുംബങ്ങൾ പുനർഗേഹം പദ്ധതി ധനസഹായം പര്യാപ്തമല്ല എന്ന കാരണത്താൽ പദ്ധതിയിലേക്ക് വരുന്നതിന് വിയോജിപ്പ് അറിയിച്ചിരുന്നു. എന്നാൽ 14.03.2023 ന് നടത്തിയ ക്യാമ്പ് സന്ദർശനത്തിൽ പുനർഗേഹം പദ്ധതി പ്രകാരം മാറി താമസിക്കുന്നതിന് സന്നദ്ധരാണെന്ന് അറിയിച്ചിട്ടുണ്ട്. തോട്ടപ്പള്ളി മത്സ്യഭവൻ പരിധിയിൽ ഉൾപ്പെടുന്നതും കരിനില വികസന ഏജൻസി കെട്ടിടത്തിൽ താമസിക്കുന്നതുമായ കുടുംബത്തിന് പുറക്കാട് മണ്ണുപുറത്ത് 3 സെന്റ് ഭൂമിയുടെ പട്ടയവും ഭവന നിർമ്മാണത്തിനായി 50,000/- രൂപയും മുൻകൂറായി അനുവദിച്ചിരുന്നു. പുരയിടത്തിലേക്ക് വഴി സൗകര്യം ഇല്ലാത്തതിനാൽ ഭവന നിർമ്മാണം ആരംഭിച്ചില്ല. പിന്നീട് ടിയാൻ ഭൂമി സറണ്ടർ ചെയ്തതിനെ തുടർന്ന് മുൻകൂറായി അനുവദിച്ച 50,000/- രൂപ കുറവ് ചെയ്ത് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കി തുകയായ 9,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഭവനത്തിന്റെ വാർപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2015- 16 ൽ 50,000/- രൂപ മുൻകൂറായി അനുവദിച്ചു.<br><br>ഭൂമി വില 3,18,500/-(28.07.2020)<br><br>ഒന്നാം ഗഡു 2,22,600/- (12.11.2020)<br><br>രണ്ടാം ഗഡു- 2,72,600 (21.03.2021)<br><br>മൂന്നാം ഗഡു 1,36,300/- (10.05.2021)<br><br>ആകെ - 10,00,000/-രൂപ |

സെക്ഷൻ ഓഫീസർ